No.2303 /MCA/2014/TA2/CEE

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## സർക്കാർ/സർക്കാർ എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ 2014-15 ലെ എം.സി.എ. കോഴ്സ് പ്രവേശനം ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഷെഡ്യൂൾ

കേരളത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ കോളേജുകളിലെ 2014 -15 വർഷത്തെ എം.സി.എ. കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **24.11.2014 (തിങ്കളാഴ്ച)** നടത്തുന്നതാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് **14.11.2014** മുതൽ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും തങ്ങളുടെ **'കീ നമ്പർ'** ഡൗൺലോഡ് ചെയ്ത ശേഷം **14.11.2014** മുതൽ **21.11.2014 വൈകുന്നേരം 5 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **'കീ നമ്പർ'** ഡൗൺലോഡ് ചെയ്യുന്നതിന് വെബ്സൈറ്റിലെ **'MCA- 2014 Download Key Number'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത ശേഷം ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ, ജനന തീയതി, പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിച്ചപ്പോൾ നൽകിയ പാസ്‌വേഡ് എന്നിവ നൽകേണ്ടതാണ്. കീ നമ്പർ വ്യക്തിഗതവും രഹസ്യ സ്വഭാവുമുള്ളതും സുപ്രധാനവുമാകയാൽ അത് മറ്റുള്ളവർക്ക് കൈമാറാൻ പാടുള്ളതല്ല.

കീ നമ്പർ ലഭിച്ച ശേഷം വിദ്യാർത്ഥികൾക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ, കീ നമ്പർ, പാസ്‌വേർഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ കയറി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ടുമെന്റിന് പരിഗണിക്കുന്നതല്ല. തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അപേക്ഷയിലെ അപാകതകൾ മൂലം ഏതാനും അപേക്ഷകരുടെ പ്രവേശന പരീക്ഷാ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുണ്ട്. അത്തരം അപേക്ഷകർക്ക് തങ്ങളുടെ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കും. എന്നാൽ അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ 21.11.2014–ന് വൈകുന്നേരം 5 മണിയ്ക്ക മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ഹാജരാക്കിയാൽ മാത്രമെ ഇവരെ അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ.

**ഒന്നാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 14.11.2014 | വെബ്സൈറ്റിൽ **'കീ നമ്പർ'** ഡൗൺലോഡ് ചെയ്യുന്നതിനും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം സജ്ജമാകുന്നു. |
| 21.11.2014. വൈകുന്നേരം 5 മണി | വെബ്സൈറ്റിൽ ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യം അവസാനിക്കുന്നു . |
| **24.11.2014** | **ഒന്നാംഘട്ട അലോട്ട്മെന്റ്.** |
| 25.11.2014 മുതൽ 28.11.2014 വരെ | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിൽ ഫീസ്/തുക അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കണം. |

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിലൊന്നിൽ മുകളിൽ സൂചിപ്പിച്ച തീയതികളിൽതന്നെ ഫീസൊടുക്കി അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം.(എം.എസ്.) 25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിലൊന്നിൽ **100/- രൂപ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

**കോളേജ് പ്രവേശനം**

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ രണ്ടാം ഘട്ട അലോട്ട്മെന്റിൽ മാത്രമാണ് അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടത്.

**2014-15 വർഷത്തെ എം.സി.എ. കോഴ്സ് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകൾ**

| നം | കോളേജുകളുടെ പേരും മേൽവിലാസവും | കോളേജ് കോഡ് | ആകെ സീറ്റുകൾ | അലോട്ടു ചെയ്യുന്ന സീറ്റുകൾ | ഫീസ് (രൂപ) |
|---|---|---|---|---|---|
| | **സർക്കാർ സ്ഥാപനങ്ങൾ** | | | | |
| 1 | Government College of Engineering, Sreekaryam, Thiruvananthapuram | TVE | 60 | 60 | 7000 |
| 2 | Government College of Engineering, Thrissur | TCR | 30 | 30 | 7000 |
| 3 | Rajiv Gandhi Institute of Technology, Kottayam | KTE | 60 | 60 | 7000 |
| | **സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ** | | | | |
| 1 | TKM College of Engineering, Kollam | TKM | 30 | 25 | 7000 |
| 2 | Mar Athanasius College of Engineering, Kothamangalam | MAC | 30 | 25 | 7000 |
| | **സർക്കാർ നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങൾ** | | | | |
| 1 | College of Applied Sciences, Balan K Nair Road, Kozhikode | CAK | 15 (Govt.seat) | 15 (Govt.seat) | 7000 |
| | | | 15 (Mgt. seat) | 15 (Mgt. seat) | 38500 |
| 2 | College of Applied Sciences, Vadakkanchery, Palakkad | CAV | 15 (Govt.seat) | 15 (Govt.seat) | 7000 |
| | | | 15 (Mgt. seat) | 15 (Mgt. seat) | 38500 |
| | | | (Mgt. seat) | (Mgt. seat) | |
| | **സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ** | | | | |
| 1 | AWH Engineering College, Kuttikkattoor, Kozhikode | AWH | 60 | 30 | 50000 |
| 2 | C.H.M.M College for Advanced Studies, Metca Land, Palayamkunnu, Varkala, Thiruvananthapuram | CHM | 60 | 30 | 50000 |
| 3 | Federal Institute of Science & Technology, Hormis Nagar, Mookkannoor, Angamaly, Ernakulam | FIT | 60 | 30 | 50000 |
| 4 | KMCT College of Engineering, Kallanthode, Kozhikode | KMC | 60 | 30 | 50000 |
| 5 | KVVS Institute of Technology, Kaithaparambu (Via) Enathu, Adoor | KVV | 60 | 30 | 50000 |
| 6 | Lourdes Matha College of Science & Technology, Kuttichal, Thiruvananthapuram | LMC | 60 | 30 | 50000 |
| 7 | MES College of Engineering, Kuttippuram, Thrikkanapuram, Malappuram | MES | 60 | 30 | 50000 |
| 8 | Mar Baselious Institute of Technology, Anchal.P.O, Kollam | MBK | 60 | 30 | 50000 |

| | | | | | |
|---|---|---|---|---|---|
| 9 | Mohandas College of Engineering & Technology, Anad, Nedumangad, Thiruvananthapuram | MCT | 60 | 30 | 50000 |
| 10 | Nehru College of Engineering & Research Centre, Pampady, Thiruvilwamala, Thrissur. | NCE | 60 | 30 | 50000 |
| 11 | Sree Narayana Institute of Technology, Vadakkevila.P.O, Kollam | SIV | 60 | 40 | 50000 |
| 12 | Sree Narayana Guru Institute of Science & Technology, Thekkethazham Jn. North Paravur, Ernakulam | SNT | 120 | 60 | 50000 |
| 13 | Vidya Academy of Science & Technology, Thalakottukkara, Thrissur | VAS | 60 | 30 | 50000 |
| 14 | Institute of Management and Technology, Thrissur, Pottore, Mulankunnathukavu.P.O, Thrissur | WFT | 60 | 30 | 50000 |
| 15 | KMM College of Arts & Science, Thrikkakara, Cochin | KCR | 120 | 60 | 50000 |
| 16 | MES – Advanced Institute of Management and Technology (MES-AIMAT), Marampally, Aluva, Ernakulam | MEM | 60 | 30 | 50000 |
| 17 | ILAHIA College of Engineering & Technology, Mulavoor, Muvattupuzha | ICE | 60 | 30 | 50000 |
| 18 | SCMS School of Engineering & Technology, Vidya Nagar, Palissery, Karukutty, Cochin | SCV | 60 | 60 | 50000 |
| 19 | Sree Narayana Gurukulam College of Engineering, Kadayiruppu, Kolenchery | SNG | 60 | 30 | 50000 |
| 20 | Christ Knowledge City, Muvattupuzha (Women) | CKC | 120 | 60 | 50000 |
| 21 | Musliar College of Engineering & Technology, Pathanamthitta | MCK | 60 | 45 | 50000 |
| 22 | SCMS School of Technology & Management, Muttom, Ernakulam | SCM | 60 | 30 | 50000 |
| 23 | Mar Athenasios College for Advanced studies, Pathanamthitta | MAT | 60 | 30 | 50000 |
| 24 | De Paul Institute of Science and Technology, Angamaly, Ernakulam | DIS | 60 | 30 | 50000 |

**ഫീസ്:** എം.സി.എ. കോഴ്സിന് സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകൾക്കും, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകൾക്കും വാർഷിക ട്യൂഷൻ ഫീസ് **7,000/-** രൂപയാണ്. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകൾക്ക് വാർഷിക ട്യൂഷൻ ഫീസ് **38,500/-**രൂപയാണ്.

സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മെരിറ്റ് സീറ്റുകൾക്ക് ട്യൂഷൻ ഫീസ് **50,000/-** രൂപയാണ്.

**നിർദ്ദിഷ്ട തീയതികളിൽ SBTയിൽ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ നിലവിലുള്ള അലോട്ട്മെന്റും എല്ലാ ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതും അവരെ തുടർന്ന് നടത്തുന്ന ഓൺലൈൻ അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.**

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും അടങ്ങുന്ന പ്രോസ്പക്ടസ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471- 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
13.11.2014